**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

ഗതാഗത വകുപ്പ് - മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം - പരിഷ്ക്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട ഭേദഗതി- അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഗതാഗത (സി) വകുപ്പ്**

**സ.ഉ.(കൈ) നം.25/2019/ഗതാഗതം** തീയതി,തിരുവനന്തപുരം, 07/05/2019

---

പരാമർശം:- 1 സ.ഉ (പി)നം.3/2017/ഉ.ഭ.പ.വ. തീയതി 25/02/2017

2 24/8/2012-ലെ നം.8/12, 3/7/13 ലെ നം.17/2013, 4/2/17 ലെ നം.03/17, 23/5/17 ലെ നം.12/2017 ട്രാൻസ്പോർട്ട് കമ്മീഷണറുടെ സർക്കുലറുകൾ

3 സ.ഉ (എം.എസ്) നം.79/2017/ഗതാ. തീയതി 10/10/2017

4 സ.ഉ (എം.എസ്) നം.59/2018/ഗതാ. തീയതി 30/09/2018

**ഉത്തരവ്**

പരാമർശം 4-ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 4 (v) - ൽ താഴെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2)ചെക്ക്പോസ്റ്റിൽ നിയമിക്കുന്നതിനായി ഉദ്യോഗസ്ഥരുടെ സമ്മതപത്രം വാങ്ങിയ ശേഷം മേഖല അടിസ്ഥാനത്തിൽ സീനിയോറിറ്റി റൊട്ടേഷൻ നിശ്ചയിച്ച് നിയമനം നടത്തേണ്ടതാണ്. മേഖലയിൽ സന്നദ്ധതയുള്ള ഉദ്യോഗസ്ഥർ ഇല്ലെങ്കിൽ/കുറവാണെങ്കിൽ സീനിയോറിറ്റി ക്രമപ്രകാരം അടിസ്ഥാനത്തിൽ അവരെ നിയമിക്കേണ്ടതാണ്. എന്നാൽ, സർക്കാർ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ അസുഖമുള്ളവർ, സർക്കാർ അനുമതിയോടെ സർക്കാർ / എയിഡഡ്/ യുണിവേഴ്സിറ്റി അംഗീകരിച്ച സ്ഥാപനങ്ങളിൽ വിദ്യാഭ്യാസം ചെയ്യുന്നവർ എന്നിവരെ ഒഴിവാക്കുന്നത് ഗതാഗത കമ്മിക്ഷണർ പരിഗണിക്കേണ്ടതാണ്. അച്ചടക്ക നടപടിയുടെ ഭാഗമായി വിലക്കുള്ളവരെയും എൻഫോഴ്സ്മെൻറ്റ് വിഭാഗത്തിലുള്ളവർ എന്നിവരെയും ചെക്ക് പോസ്റ്റ് നിയമനത്തിന് പരിഗണിക്കാൻ പാടില്ലാത്തതാണ് . ഒരുതവണ ഡ്യൂട്ടി ചെയ്തവർക്ക് തുടർച്ചയായി ഡ്യൂട്ടി നല്കാൻ പാടില്ല. അവരെ പരിഗണിക്കുന്നത് ആ സോണിലുള്ള അതേ തസ്ഥികയിലെ മറ്റ് എല്ലാ ജീവനക്കാരെയും പരിഗണിച്ച ശേഷമായിരിക്കേണ്ടതാണ്. താൽക്കാലിക ഒഴിവുകൾ നികത്തുന്ന അവസരത്തിൽ കുറഞ്ഞകാലം ചെക്ക് പോസ്റ്റ് ഡ്യൂട്ടിയുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ചെക് പോസ്റ്റ് ഏര്യയിലെ ആർ.ടി.ഒ ക്രമീകരണം നടത്തേണ്ടതാണ്.

3)ചെക്ക് പോസ്റ്റുകളിലെ സോണൽ വൈസ് സീനിയോറിറ്റി പ്രകാരം നിയമനം നടത്തുമ്പോൾ താഴെ പറയുന്ന രീതിയിൽ സീനിയോറിറ്റി ക്രമീകരിക്കേണ്ടതാണ് . ജീവനക്കാരുടെ സീനിയോറിറ്റി ക്രമപ്രകാരം താഴെ പറയുന്ന ചെക്ക് പോസ്റ്റുകളിൽ നിയമിക്കേണ്ടതാണ് .

(i)തൃശ്ശൂർ സോണിൽ ആദ്യ സീനിയർമാരെ പാലക്കാട് ഇൻ തുടർന്ന് സീനിയോറിറ്റി മറികടക്കാതെ പാലക്കാട് ഔട്ട് , ഗോവിന്ദാപുരം, ഗോപാലപുരം , മീനാക്ഷിപുരം , വഴിക്കടവ് , നടിപ്പുണി , വേലന്താവളം എന്നിങ്ങനെ നിയമിക്കേണ്ടതാണ്.

(ii) നോർത്ത് സോണിൽ ഏറ്റവും സീനിയർ ആയവരെ മഞ്ചേശ്വരത്തും തുടർന്ന് സീനിയോറിറ്റി മറികടക്കാതെ നീലേശ്വരം , മുത്തങ്ങ , പെർള , കാട്ടിക്കുളം എന്നിങ്ങനെ നിയമിക്കേണ്ടതാണ് .

(iii) സൗത്ത് സോണിൽ ഏറ്റവും സീനിയർ ആയവരെ അമരവിള ഇൻ തുടർന്ന് സീനിയോറിറ്റി മറികടക്കാതെ അമരവിള ഔട്ട് , ആര്യങ്കാവ് , പൂവാർ , എന്നിങ്ങനെ നിയമിക്കേണ്ടാതാണ് .

4)ചെക്ക് പോസ്റ്റ് ഡ്യൂട്ടിയിലുള്ളവരുടെ കൺട്രോളിങ് ഓഫീസർ അതാത് ചെക്ക് പോസ്റ്റിന്റെ അധികാര പരിധിയുള്ള റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർമാർ ആയിരിക്കുന്നതാണ് . ജീവനക്കാർ കൃത്യമായും ഡ്യൂട്ടി ചെയ്യുന്നു എന്ന് റീജിയണൽ ട്രാൻസ്‌പോർട്ട് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. എല്ലാ ചെക്ക് പോസ്റ്റുകളിലും ആവശ്യമായ എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതാണ്. ചെക് പോസ്റ്റ് ഡ്യൂട്ടിയിലുള്ള മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർക്കായിരിക്കും രജിസ്റ്ററുകളുടെ ചുമതല . രജിസ്റ്ററുകളിൽ എല്ലാ എൻട്രിയും ഉണ്ടെന്നു ഉറപ്പുവരുത്തി മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ അതാത് ദിവസങ്ങളിൽ രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിരിക്കണം .

5)ചെക്ക് പോസ്റ്റിലെ രജിസ്റ്ററും കണക്കും മൂന്നു മാസത്തിൽ ഒരിക്കൽ ഡെപ്യൂട്ടി ട്രാൻസ്‌പോർട്ട് കമ്മിഷണർ ഓഡിറ്റ് ചെയ്യേണ്ടതാണ് . ഡെപ്യൂട്ടി ട്രാൻസ്‌പോർട്ട് കമ്മിഷണറുടെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം കാണുന്ന എല്ലാ വീഴ്ചകൾക്കും ഉത്തരവാദികൾ അതാത് കാലത്ത് ചെക്ക് പോസ്റ്റുകളിൽ ജോലി നോക്കിയിരുന്ന മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ /അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ മാരായിരിക്കുന്നതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആര്.ജ്യോതിലാല്**
**പ്രിന്സിപ്പല് സെക്രട്ടറി**

ഗതാഗത കമ്മീഷണർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പ്
കരുതൽ ഫയൽ
പകർപ്പ്: ബഹു.ഗതാഗത വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ